# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6250** **31.10.2011 ലെ മറുപടിക്ക്**

**അരയങ്കോട് സാംസ്കാരികനിലയം തുറന്നു പ്രവർത്തിക്കുന്നതിന് നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. ബി. അബ്ദുൾ റസാക് | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പ് മന്ത്രി ) |
| (എ) | കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്ത് അരയങ്കോട് സാംസ്കാരികനിലയം പ്രവർത്തനമില്ലാതെ പൂട്ടിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത സാംസ്കാരികനിലയം പ്രവർത്തനരഹിതമായതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ; | (ബി) | നിലവിലുണ്ടായിരുന്ന ലൈബ്രേറിയൻ കൃത്യവിലോപം കാണിക്കുകയും യഥാസമയം ലൈബ്രറി തുറന്ന് പ്രവർത്തിപ്പിക്കാതിരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള പരാതിയുടെ ഭാഗമായി പ്രസ്തുത ജീവനക്കാരനെ പിരിച്ചുവിട്ടതിനെത്തുടർന്നാണ് ലൈബ്രറി പ്രവർത്തിക്കാതായത്. |
| (സി) | ഒരു വ്യക്തി സൗജന്യമായി നല്കിയ സ്ഥലത്താണ് സാംസ്കാരികനിലയം പ്രവർത്തിച്ചിരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | വർഷങ്ങളായി തുറന്ന് പ്രവർത്തിക്കാത്തതുമൂലം പ്രദേശത്തെ ജനങ്ങൾക്ക് ലഭിക്കേണ്ട സൗകര്യം നഷ്ടപ്പെടുന്നു എന്ന വസ്തുത പരിഗണിച്ച് പ്രസ്തുത സ്ഥാപനം അടിയന്തിരമായി തുറന്നു പ്രവർത്തിക്കാനാവശ്യമായ നിർദ്ദേശം നല്കാമോ ? | (ഡി) | സോഷ്യൽ വെൽഫയർ ട്രസ്റ്റ് അരയങ്കോട് എന്ന സ്ഥാപനം പ്രസ്തുത സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനം ഏറ്റെടുത്ത് നടത്താമെന്ന് സമ്മതിച്ച് ട്രസ്റ്റ് സെക്രട്ടറി ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി സാംസ്കാരിക നിലയം തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് പ്രസ്തുത ട്രസ്റ്റിനെ ഏൽപ്പിക്കുവാൻ തീരുമാനിക്കുകയും ആയത് ഭരണ സമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**